**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 27.12.2023

# "ഓപ്പറേഷൻ ജംഗിൾ സഫാരി":- വനം വികസന ഏജൻസികളിലും (FDA) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന"

കേരള വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇക്കോ ടൂറിസം സെന്ററുകളിൽ വിനോദ സഞ്ചാരികളുടെ പക്കൽ നിന്നും വനത്തിനുള്ളിലേക്കുള്ള പ്രവേശന ഫീസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയിൽ സർക്കാർ ട്രഷറിയിൽ അടയ്ക്കാതെ വ്യാപക വെട്ടിപ്പ് നടക്കുന്നു എന്നും, ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന കാന്റീൻ/വന ഉത്പന്ന വിപണനം എന്നിവയിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതത്തിന്റെ വലിയൊരു ഭാഗം തുക കണക്കിൽ കാണിക്കാതെ ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി/വനം സംരക്ഷണ സമിതികൾ (EDC/VSS) തട്ടിയെടുത്ത് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിലെ (FDA) ഉദ്യോഗസ്ഥരുമായി ചേർന്ന് വീതം വച്ചെടുക്കുന്നതായും, വനപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി വനപരിപാലനത്തിനായി കേന്ദ്രസർക്കാർ/കേരളസർക്കാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് (DFO) യ്ക്ക് അനുവദിക്കുന്ന പദ്ധതികളിൽ സംരക്ഷണ വേലികെട്ടൽ, വഴിതെളിക്കൽ, ഫയർ ലൈൻ തെളിക്കൽ, റോഡ് വർക്കുകൾ മറ്റ് മരാമത്ത് പ്രവർത്തികൾ തുടങ്ങിയ ജോലികൾക്കായി DFO ഓഫീസ് മുഖേന Quotation/Tender വിളിച്ച് കരാറുകാരെ തിരഞ്ഞെടുത്ത് എഗ്രിമെന്റ് വച്ച ശേഷം പ്രസ്തുത പ്രവർത്തികൾ FDA ഉദ്യോഗസ്ഥരുടെ ഒത്താശയോടെ EDC/VSS ഫണ്ട് ഉപയോഗിച്ച് അവരുടെ തൊഴിലാളികളെയും ഫണ്ടും ഉപയോഗിച്ച് പൂർത്തിയാക്കിയ ശേഷം കരാറുകാരൻ പൂർത്തീകരിച്ചതായി വ്യാജ ബില്ലുകൾ തയ്യാറാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും വീണ്ടും പണം മാറിനൽകുന്നതായും മറ്റും രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എല്ലാ FDA കേന്ദ്രങ്ങളിലും പ്രധാനപ്പെട്ട EDC/VSS

കേന്ദ്രങ്ങളിലും **"ഓപ്പറേഷൻ ജംഗിൾ"** സഫാരി എന്ന പേരിൽ സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധന നടത്തുന്നത്

വനം വകുപ്പിന്റെ ഇക്കോ ടൂറിസം പ്രദേശങ്ങളിലേക്ക് പ്രവേശിക്കുന്നതിനായി EDC/VSS സഞ്ചാരികളിൽ നിന്നും 40 രൂപ മുതൽ 2000 രൂപ വരെ വിവിധ ഇനങ്ങളിലായി ടിക്കറ്റ് നൽകി ഫീസ് ഇനത്തിൽ പിരിക്കുന്നുണ്ട്. ഇതിനായി ഇലക്ട്രോണിക് ടിക്കറ്റിങ് ഉപകരണങ്ങൾ ആണ് സാധാരണ ഉപയോഗിക്കുന്നത് എന്നിരുന്നാൽതന്നെയും വലിയ വാഹനങ്ങളിൽ എത്തുന്ന (പ്രത്യേകിച്ചും അന്യ സംസ്ഥാന വിനോദ സഞ്ചാരികളായ ) ആളുകളുടെ എണ്ണം കുറച്ചു കാണിച്ചു ഒറ്റ രസീത് എഴുതി നൽകി ഫീസ് വാങ്ങുന്നു എന്നും, ടിക്കറ്റിങ് മെഷീൻ കേടാണ് എന്നു സഞ്ചാരികളെ തെറ്റിദ്ധരിപ്പിച്ചു പ്രിന്റ് ചെയ്തു സൂക്ഷിച്ചിരിക്കുന്ന ടിക്കറ്റുകൾ നൽകിയ ശേഷം ഇത്തരത്തിൽ പ്രിന്റ് ചെയ്ത രസീതുകൾ വഴി പിരിക്കുന്ന തുക യാതൊരു കണക്കിലും കാണിക്കാതെ EDC/VSS കളുടെ ഭാരവാഹികൾ വീതംവെച്ചെടുക്കുന്നതായും രഹസ്യവിവരം ലഭിച്ചിട്ടുണ്ട്. ഒട്ടുമിക്ക EDC/VSS കളിലും യഥാർത്ഥത്തിൽ ഉള്ള വരവിന്റെ ഒരുഭാഗം മാത്രമേ FDA യിൽ അടക്കാറുള്ളൂ. ഓരോ ദിവസവും പിരിക്കുന്ന തുക തൊട്ടടുത്ത ദിവസം തന്നെ സർക്കാർ ട്രഷറിയിൽ അടയ്ക്കേണ്ടതാകുന്നു. അല്ലെങ്കിൽ FDA യുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം എന്നുണ്ടെങ്കിലും അത് ചെയ്യാതെ ടി തുക മറ്റു സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ച ശേഷം ദിവസങ്ങൾ കഴിഞ്ഞു അടച്ചു വരുന്നതായും, ഇപ്രകാരം EDC/VSS വെട്ടിച്ചെടുക്കുന്ന തുകയുടെ ഒരു വിഹിതം FDA ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിനാൽ ഇത്തരം ക്രമക്കേടുകൾ പരിശോധിക്കാൻ ഉത്തരവാദിത്തപ്പെട്ട FDA ഉദ്യോഗസ്ഥർ EDC/VSS കേന്ദ്രങ്ങളിൽ വാർഷിക, അർദ്ധവാർഷിക പരിശോധനകൾ നടത്താതെ വെട്ടിപ്പിനു കൂട്ടുനിൽക്കുന്നു എന്നും രഹസ്യവിവരം ലഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ കണ്ടെത്തുന്നതിനായി വനം വകുപ്പിന്റെ കേരളത്തിലെ 36 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ (DFO) പ്രവൃത്തിക്കുന്ന വനം വികസന ഏജൻസികളിലും (FDA) തിരെഞ്ഞെടുത്ത 38 ഇക്കോ ടൂറിസം സൈറ്റുകളിലും, ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി/വനം സംരക്ഷണ സമിതികളിലും (EDC/VSS) ഇന്ന് (27/12/2023) രാവിലെ 11:00 മണി മുതൽ ഒരേസമയം സംസ്ഥാന തല മിന്നൽ പരിശോധന നടത്തുന്നത്.

വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ. വിനോദ് കുമാർ.ഐ.പി.എസ്-അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി. ഹർഷിത അത്തല്ലൂരി. ഐ.പി.എസ്-ന്റെ മേൽനോട്ടത്തിലും നടത്തുന്ന സംസ്ഥാനതല മിന്നൽ പരിശോധനയിൽ പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ.ഇ.എസ്.ബിജുമോൻ നേതൃത്വത്തിലും നടക്കുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തു വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.